## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5930 — 07.07.2014-ലെ മറുപടിക്ക്

## നഗരങ്ങളിലെ കുടിവെള്ള വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) നഗരങ്ങളിലെ കുടിവെള്ള വിതരണത്തിനായി നഗരകാര്യ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) നഗരങ്ങളിലെ കുടിവെള്ള വിതരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ ജെ.എൻ.എൻ.യു.ആർ.എം., പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി നഗരസഭകളിലും യു.ഐ.ഡി.എസ്.എസ്.എം.റ്റി, പദ്ധതിയിലുൾപ്പെടുത്തി 13 മുനിസിപ്പാലിറ്റികളിലും കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരികയാണ്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ബി) നഗരപ്രദേശങ്ങളിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | സി) കേരള വാട്ടർ അതോറിറ്റിയുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്. |
| ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | ഡി) പ്രസ്തുത പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിലേക്കായുള്ള ധനസഹായം യഥാസമയം ലഭ്യമാക്കി വരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി പുരോഗതി അവലോകനം ചെയ്യുന്നതിനായി മോണിട്ടറിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പുതല മേധാവികളുമായി ചർച്ച നടത്തി പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ